**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6594** — **11-11-2021 - ൽ മറുപടിയ്ക്ക്**

**സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത്; വിശദമാക്കാമോ; | (എ) | വായനക്കാർക്കുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി ഫർണിച്ചറുകൾ, ബുക്ക് ഷെൽഫുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. കേന്ദ്ര ധനസഹായ പദ്ധതിയായ നാഷണൽ മിഷൻ ഓൺ ലൈബ്രറീസ് സ്കീം വഴി വായനക്കാർക്കായി പുതിയ ടോയ്ലറ്റ് ബ്ലോക്കിന്റെ നിർമാണ പ്രവർത്തനങ്ങൾ സെൻട്രൽ പി.ഡബ്ല്യു.ഡി. വഴി നടപ്പിലാക്കി വരുന്നു. ലൈബ്രറിയുടെ സേവനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും ആധുനികവത്കരണത്തിന്റെ ഭാഗമായി ലൈബ്രറി ഒാട്ടോമേഷൻ സോഫ്റ്റ് വെയർ ആയ കോഹ സോഫ്റ്റ് വെയർ സ്ഥാപിക്കുകയും നിലവിലുള്ള ആർ.എഫ്.ഐ.ഡി. സംവിധാനം അപ്ഗ്രേഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ലൈബ്രറി മുഖേന സഞ്ചരിക്കുന്ന വായനശാല (മൊബൈൽ ലൈബ്രറി) സേവനം പൊതുജനങ്ങൾക്ക് നൽകിയിട്ടുണ്ടോ; പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; | (ബി) | ഇരുപത് വർഷം മുമ്പ് വരെ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ സഞ്ചരിക്കുന്ന വായനശാല സേവനം ലഭ്യമാക്കിയിരുന്നു. നിലവിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നില്ല. ഇ-റീഡിങിൽ വായനസമൂഹം മാറുകയും ധാരാളം പുസ്തകങ്ങൾ ലഭ്യമാകുകയും ചെയ്ത സാഹചര്യത്തിലാണ് സഞ്ചരിക്കുന്ന വായനശാല സേവനം നിർത്തലാക്കിയത്. |
| (സി) | പ്രസ്തുത ലൈബ്രറി മുഖേന മേഖലാ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിക്ക് മേഖലാ കേന്ദ്രങ്ങൾ തുടങ്ങുന്നത് നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ